**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **28-02-2023 - ൽ മറുപടിയ്ക്ക്**

**ക്ലാരി തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ക്ലാരി തോട് നവീകരണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ക്ലാരി തോട് നവീകരണവും വി.സി.ബി നിർമ്മാണവും എന്ന പ്രവൃത്തിയ്ക്ക് നഗരസഞ്ചയ പദ്ധതിയിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ ക്ലാരി തോട് നവീകരണത്തിനായി പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഏകദേശം 20 ലക്ഷം രൂപ 2021-22, 2022-23 വർഷങ്ങളിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2023 മെയ് മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. 20 ലക്ഷം രൂപ അടങ്കൽ തുകയുള്ള "ക്ലാരി തോട് നവീകരണം പാലിച്ചിറമാട്ട ഭാഗത്ത്" എന്ന ജില്ലാപഞ്ചായത്ത് പദ്ധതി 80% പൂർത്തീകരിച്ചിട്ടുണ്ട്. 2023 മെയ് മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | നഗര സഞ്ജയ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രസ്തുത പ്രവൃത്തിയുടെ നാളിതുവരെ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന നടപടികളും വിശദമാക്കാമോ? | (ബി) | ക്ലാരി തോട് നവീകരണവും വി.സി.ബി നിർമ്മാണവും എന്ന നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിലാണ് പ്രധാനമായും ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ആയതിന്റെ നിർവ്വഹണം സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്തുന്നതിനായി ടെണ്ടർ നടപടികൾ 2023 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ